ഉത്തരം

(എ) ഉണ്ട്.

16.05 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) കമ്പ്യൂട്ടർ ലിറ്ററസി ആന്റ് സ്റ്റഡീസ് ഇൻ സ്കൂൾ (ക്ലാസ്സ്) എന്ന പദ്ധതി പ്രകാരമാണ് 16.05 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് അയച്ചിരുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ. സി. റ്റി.) എന്ന പുതിയ പദ്ധതിയുമായി സംയോജിപ്പിച്ചതായി അറിയിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ 27-12-2004-ലെ കത്തുപ്രകാരമാണ് പുതിയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അയച്ചുതന്നത്. പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പദ്ധതി തയ്യാറാക്കി അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ യു. പി. സ്കൂളുകളുടെ അപ്ഗ്രഡേഷൻ

103 [702] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം സർക്കാർ യു. പി. സ്കൂളുകളെ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ടല്ലൂർ മാടമ്പിൽ സർക്കാർ യു. പി. സ്കൂൾ ഒരു ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യും (ബി) യും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നയപരമായ തീരുമാനങ്ങളൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

മണ്ണാർക്കാട് മാപ്പിള സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

104 [703] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ടൗണിലെ മാപ്പിള സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂൾ ആക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ക്കൂൾ ഹൈസകൂൾ ആക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് എന്നത്തേയ്ക്ക് ഹൈസ്കൂളാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly